കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മുഖത്തല ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-7 /1952/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –13/11/2017.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുഖത്തല ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം : മുഖത്തല ബ്ലോക്ക് പഞ്ചായത്ത്-2016 - 2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുഖത്തല ബ്ലോക്ക്പഞ്ചായത്തിന്റെ 2016–2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ

പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)എ.ഡി.സി, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-7 /1952/2017തീയതി: 13/11/2017

**കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക്പഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക്പഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക്പഞ്ചായത്ത് 15-02-2016 മുതൽ 31-10-2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വർഗ്ഗീസ് ജോസഫ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 02-11-2017മുതൽ 08-11-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ബിജി വർഗ്ഗീസ് | ഓഡിറ്റ്ഓഫീസർ (ഹയർ ഗ്രേഡ്) |
| | ശ്രീമതി.സോണിയ. | അസ്സിസ്റ്റന്റ് |

| | | |
|---|---|---|
| | ഭാഗം 4ജെ.സെബാസ്റ്റ്യൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുലേഖ.എ.എസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.രാജീവ്.എസ് | 1.4.2016 മുതൽ 31.3.2017 വരെ |
| സെക്രട്ടറി | ശ്രീ.കൃഷ്ണൻകുട്ടി നായർ.ബി | 1.4.2016മുതൽ 15.06.2016 വരെ |
| | ശ്രീ.എം.എസ്.അനിൽകുമാർ | 16.06.2016 മുതൽ 03.08.2016വരെ |
| | ശ്രീ.എൻ.തങ്കപ്പൻ ആചാരി | 04.08.2016മുതൽ 31.3.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| ഡി.ഇ.ഒ. | ശ്രീമതി.നിമ്മി അമീർ | 1.4.2016 മുതൽ 31.3.2017 വരെ വരെ |
| സി.ഡി.പി.ഒ. | ശ്രീമതി.ശിവകല | 1.4.2016 മുതൽ 31.05.2016വരെ |
| | ശ്രീമതി. ശ്രീദേവി (ഇൻചാർജ്ജ്) | 01.06.2016 മുതൽ 12.07.2016 വരെ |
| | ശ്രീമതി.ആനന്ദഭായി.കെ | 13.07.2016 മുതൽ 31.05.2017 വരെ |
| അസി.എക്സിക്യൂട്ടീവ് എൻജിനീയർ | ശ്രീ.തുളസീധരൻ.എസ് | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ, | ഡോ.ഡാലി | 1.4.2016 മുതൽ |

| | | |
|---|---|---|
| C.H.C നെടുമ്പന | | 31.08.2016 വരെ |
| | ഡോ.അനീഷ്.പി.ഐ (ഇൻചാർജ്ജ്) | 01.09.2016 മുതൽ 07.09.2016 വരെ |
| | ഡോ.മെറീനാ പോൾ | 08.09.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ, C.H.C മയ്യനാട് | ഡോ.സലില ദേവി | 1.4.2016 മുതൽ 31.3.2017 വരെ |
| അസി.ഡയറക്റ്റർ, അഗ്രിക്കൾച്ചർ | ശ്രീമതി.അംബികാ ദേവി | 1.4.2016 മുതൽ 31.3.2017 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.അരവിന്ദാക്ഷൻ ചെട്ടിയാർ.എം.ജെ | 1.4.2016 മുതൽ 31.10.2016 വരെ |
| | ശ്രീമതി.ഷീജാ ബീവി.എ.എസ് | 01.11.2016 മുതൽ 31.3.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.അനീസ് ബഷീർ | 1.4.2016 മുതൽ 31.3.2017 വരെ |

## ഭാഗം 1

**പൊതു അവലോകനം**

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 02.03.2016 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 24-07-2017 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 07-11-2017 | സർട്ടിഫിക്കറ്റ് റിപ്പോർട്ടിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട് |

### ന്യൂനതകളുടെ സംഗ്രഹം

1)ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഡെപ്പോസിറ്റ് ബാലൻസിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2)അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബിൽ ബുക്ക് പ്രകാരം തൻവർഷം 642313/- രൂപ പാർട്ട് ബിൽ നല്കിയിട്ടുണ്ട്. എന്നാൽ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ഇല്ല എന്നാണ് വാർഷികകണക്കിൽ കാണിച്ചിട്ടുള്ളത്.

3)ബാലൻസ് ഷീറ്റിൽ ലയബിലിറ്റി ആയി കാണിച്ചിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. വാർഷിക കണക്കിലെ വരവ് -ചെലവ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4)കെട്ടിടനികുതി, തൊഴിൽനികുതി, ഡി & ഒ ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷികകണക്കിലെ ബന്ധപ്പെട്ട തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

5)കംഫർട്ട് സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിനുള്ള അവകാശം ലേലം ചെയ്ത ഇനത്തിൽ ലേലത്തുകയായ 38500/-രൂപ ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ടിൽ കാണിച്ച് ബാക്കി കിട്ടാനുള്ള 18350/-രൂപ ബാലൻസ് ഷീറ്റിൽ കാണിക്കാതെ കിട്ടിയ 18250/-രൂപ മാത്രം വാർഷികക്കണക്കിൽ ഉൾപ്പെടുത്തി.

6)സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കുവാനുള്ള തുകയായി ബാലൻസ് ഷീറ്റിൽ

928990/-രൂപ കാണിച്ചിട്ടുണ്ട്(ബി-9). എന്നാൽ രജിസ്റ്റർ പ്രകാരം ഇത്തരത്തിൽ തുക ഒടുക്കാൻ ബാക്കി നിൽക്കുന്നില്ല.
7)ബാലൻസ് ഷീറ്റിൽ (ബി-18) മുൻകൂർ നൽകിയതായി കാണിച്ചിട്ടുള്ള 571891 (miscellaneous advance), 121981 (advance to implementing officers – scheme expenditure), 17000 (advance to others) എന്നീ തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
8)ഇ.എം.എസ് വായ്പാ തിരിച്ചടവ് സംബന്ധിച്ച രജിസ്റ്റർ, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമല്ലാത്തതിനാൽ തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്നതായി കാണിച്ചിട്ടുള്ള 651782/-രൂപയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.
9)ഡെപ്പോസിറ്റുകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
10)ബി-2 ഷെഡ്യൂളിൽ 311710100 ശീർഷകത്തിൽ നീക്കിയിരിപ്പുള്ള 12250/-രൂപ ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരികെ ഒടുക്കിയിട്ടില്ല.
11)ആസ്തിയുടെ കൃത്യമായ മൂല്യം കണക്കാക്കി ആസ്തിരജിസ്റ്റർ കണക്കാക്കിയിട്ടില്ല.
12)സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയില്ല.
(ഓഡിറ്റ് ചെയ്ത വാർഷികധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡീച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേമെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർച്ചിട്ടുണ്ട്)

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 39160530

വരവ് - 91786648

ആകെ -130947178

ചെലവ് -90774935

നീക്കിയിരിപ്പ്- 40172243

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 32829433 | 32829433 | 25779515 | 7049918 | 78.53 |
| വികസനഫണ്ട് എസ്.സി.പി. | 0 | 18398340 | 18398340 | 13546370 | 4851970 | 73.63 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 57150 | 57150 | 57150 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 5106204 | 5106204 | 5051780 | 54424 | 98.93 |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | | | | | | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 82 | 56391127 | 62 | 44434815 | 2 | 18 | 75.61 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-11-2017ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ലായെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ട്. എന്നാൽ ലേല ഡയറിയും ലേല രജിസ്റ്ററും പരിപാലിക്കുന്നില്ല. മുൻവർഷ റിപ്പോർട്ടിൽ പരാമർശം ഉണ്ടെങ്കിലും ആയത് പരിഹരിക്കപ്പെട്ടിട്ടില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.06.2017 മുതൽ 22.06.2017 വരെ | 2016-17 | റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.01.2014 | 2010 മുതൽ 2012-13 | 11.03.2014 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

**2-1** ഇ-ടെൻഡറിംഗ് ടെൻഡർ ഫോം വില ഈടാക്കിയിട്ടില്ല

തൻവർഷം 24 മരാമത്ത് പ്രവൃത്തികൾ ഇ-ടെൻഡർ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇ–ടെൻഡറിംഗ് നടത്തുമ്പോൾ ടെൻഡർ ഫോം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കുവരുത്തുന്നത്. പഞ്ചായത്തിന് അർഹമായ ടി തുക തിരികെ ഈടാക്കിയിട്ടില്ല. തൻവർഷം ടെൻഡർഫോം വിലയിനത്തിൽ 199680/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവുവന്നിട്ടുണ്ട്. പ്രസ്തുത തുക തിരികെ ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാത്ത പക്ഷം തുക പഞ്ചായത്തിന് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകും. ആയതിനാൽ തുക തിരികെ ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

മുൻവർഷങ്ങളിലും ഈയിനത്തിലുള്ള തുക ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭ്യമായിട്ടില്ല. ബ്ലോക്ക്പഞ്ചായത്തിന് അർഹമായ പ്രസ്തുത വരവുതുക തിരികെ ലഭ്യമാക്കുന്നതിന് ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**2-2** ടെണ്ടർ ഫോറം വിൽപന- **VAT** ഒടുക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ജൂൺ മുതൽ ഡിസംബർ വരെ ടെണ്ടർ ഫോറം വിൽപന ഇനത്തിൽ 22210/- രൂപ വരവ് വന്നിട്ടുണ്ടെങ്കിലും ടി വരവിൽ നിന്നുള്ള 1058/- രൂപയുടെ VAT ഒടുക്കിയിട്ടില്ല. മേൽ അപാകതയുടെ വിശദാംശങ്ങൾ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.7/16-17 തീയതി 06-11-2017), മറുപടി ലഭ്യമാക്കിയില്ല. VAT ഇനത്തിൽ ഒടുക്കേണ്ട 1058/- രൂപ ഒടുക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

**3-1** പാലിന് സബ്സിഡി-തുക കൈപ്പറ്റിയ ഗ്രാമ പഞ്ചായത്തുകൾ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല,**3100000/-** രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട്-ക്ഷീരസംഘങ്ങൾ വഴി പാലളക്കുന്ന ക്ഷീരകർഷകർക്ക്പാൽ വില സബ്സിഡി-സംയുക്തം

പ്രോജക്ട്നം-73/17

അടങ്കൽ-

വികസനഫണ്ട്(പൊതുവിഭാഗം)-3100000/-

ഗ്രാമ പഞ്ചായത്ത് വിഹിതം-1700000

ആകെ-4800000

ചെലവ്-3100000/-

ബിൽ നം/തുക-1/16-17;17.03.17;800000/-

2/16-17;17.03.17;700000/-

3/16-17;17.03.17;500000/-

4/16-17;17.03.17;500000/-

5/16-17;17.03.17;500000/-

6/16-17;17.03.17;100000/-

നിർവഹണം-ക്ഷീര വികസന ഓഫീസർ

ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായി നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം തൃക്കോവിൽവട്ടം, ഇളമ്പള്ളൂർ, കൊറ്റംകര, മയ്യനാട്, നെടുമ്പന ഗ്രാമ പഞ്ചായത്തുകൾ യഥാക്രമം 800000/-, 700000/-, 600000/-, 500000/-, 500000/-എന്നീ തുകകൾ കൈപ്പറ്റിയിട്ടുണ്ട്. പദ്ധതി നിർവഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) സംയുക്ത പദ്ധതിയിൽ പങ്കാളികളായ ഗ്രാമ പഞ്ചായത്തുകളുടെ അംഗീകൃത പ്രോജക്ടുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)തുക കൈപ്പറ്റിയ ഗ്രാമ പഞ്ചായത്തുകൾ ആയത് പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടെന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഈ സാഹചര്യത്തിൽ സബ്സിഡിയിനത്തിൽ വിതരണം ചെയ്ത 3100000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം9/07.11.17)മറുപടി ലഭ്യമാക്കിയില്ല.

## 3-2 തുടർസാക്ഷരത-രേഖകൾ ഹാജരാക്കിയില്ല,76800/-രൂപ തടസ്സപ്പെടുത്തുന്നു.

തുടർസാക്ഷരത (പ്രോജക്ട്നം.8/17) എന്ന പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും 76800/-രൂപ നിർവ്വഹണോദ്യോഗസ്ഥനായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ജില്ലാ സാക്ഷരതാമിഷനു നൽകിയിട്ടുണ്ട്. (ബിൽനം-20/16-17;28.03.17)പത്താംതരം തുല്യതാ പരീക്ഷയ്ക്കുള്ള ഫീസിനത്തിലാണ് തുക അടവാക്കിയിട്ടുള്ളത്. എന്നാൽ സാക്ഷരതാ മിഷനിൽ പഠിതാക്കളെ രജിസ്റ്റർ ചെയ്ത രേഖകൾ, സംസ്ഥാന പരീക്ഷാ ബോർഡിൽ വിദ്യാർത്ഥികളെ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ, പരീക്ഷയ്ക്കായി പരിശീലനം നൽകിയതിന്റെ രേഖകൾ, പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെ രേഖകൾ, അടവാക്കിയ തുകയ്ക്ക് സാക്ഷരതാ മിഷനിൽ നിന്നും ലഭിച്ച വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 8/16-17/07-11-17) മറുപടി ലഭ്യമാക്കിയില്ല.
രേഖകൾ ഹാജരാക്കും വരെ ഈയിനത്തിൽ ചെലവഴിച്ച 76800/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 വിവാഹധനസഹായം കൈപ്പറ്റിയവർ രേഖകൾ ഹാജരാക്കിയില്ല, തുക

തടസ്സപ്പെടുത്തുന്നു
പ്രോജക്ട്-പട്ടിക ജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം

പ്രോജക്ട് നം-49/17

അടങ്കൽ

വികസനഫണ്ട്(എസ്.സി.പി)-1650000/-

ആകെ-1650000/-

ചെലവ്-1650000/-

ബിൽ നം/ തീയതി-1/16-17;29.11.16

നിർവഹണം-പട്ടിക ജാതി വികസനഓഫീസർ

വിവാഹ ധനസഹായം ഇനത്തിൽ 50000/- വീതം ആനുകൂല്യം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ അപേക്ഷകളിൽ , ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ലെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രം ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല.

1)സുനിൽകുമാർ, പള്ളിവടക്കതിൽ വീട്, മൈലാപ്പൂര്, തൃക്കോവിൽ വട്ടം.

2)ശാന്തമ്മ, വയലിൽ പുത്തൻ വീട്, വലിയവിള,മയ്യനാട്.

3)മാലതിക്കുട്ടി.എൽ, സൗമ്യ ഭവൻ, കിഴക്കേക്കര, നെടുമ്പന.

4)ഷീല.ജി, പാറപ്പുറത്ത് വീട്,പള്ളിമൺ,നെടുമ്പന.

5)ശ്യാമള,എസ്, അച്ചുഭവൻ, പറങ്കിമാംവിള വീട്, വെളിച്ചിക്കാല, നെടുമ്പന.

6)രത്നാകരൻ.സി, ഉണ്ടുവിള വീട്, പെരുമ്പുഴ , നല്ലില.

7)ശാന്ത, ജയന്തി കോളനി, കൊറ്റംകര

ഈ സാഹചര്യത്തിൽ വിതരണം ചെയ്ത 350000 രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 ഫണ്ട് വിനിയോഗിക്കാത്തത് മൂലമുള്ള നഷ്ടം -11956312

വികസന പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി വിവിധ ഗ്രാന്റിനങ്ങളിൽ അനുവദിച്ച തുകകൾ വിനിയോഗിക്കാതിരുന്നത് മൂലം ബ്ലോക്ക് പഞ്ചായത്തിന് തൻ വർഷം 20801254/- രൂപ നഷ്ടമായി.

സാമൂഹികനീതിയും സാമ്പത്തിക വികസനവും ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾക്ക് തൻവർഷം സർക്കാർ അനുവദിച്ച് നൽകിയ ഗ്രാന്റുകളുടേയും ഫണ്ടുകളുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട് മെന്റ് പ്രകാരംലഭിച്ച വരവ് | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| വികസനഫണ്ട് – ജനറൽ | 32829433 | 25779515 | 7049918 | 78.53% |
| വികസന ഫണ്ട്- SCP | 18398340 | 13546370 | 4851970 | 73.63% |
| വികസന ഫണ്ട്- TSP | 57150 | 57150 | | 100% |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് | 5106204 | 5051780 | 54424 | 98.93% |
| ആകെ | 56391127 | 44434815 | 11956312 | 78.79% |

തൻവർഷം 82 പദ്ധതികൾ അംഗീകരിച്ച് DPC അംഗീകാരം വാങ്ങിയെങ്കിലും 62 എണ്ണം മാത്രമാണ് പൂർണ്ണമായും നടപ്പിലാക്കിയത്. തൻവർഷം 56391127/-രൂപ വരവ് വന്നതിൽ 44434815/- രൂപയാണ് ചെലവ് ചെയ്തിട്ടുള്ളത്(79%). തൻവർഷം ചെലവഴിക്കാത്തതു മൂലം 11956312/-രൂപ ബ്ലോക്ക് പഞ്ചായത്തിനു നഷ്ടമായി. ലഭ്യമായ ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിച്ച് സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുവാനും സർക്കാർ അനുവദിച്ച് നൽകുന്ന ഫണ്ടുകൾ ധനവിനിയോഗ മാർഗരേഖകളിലെ നിർദ്ദേശങ്ങൾ പാലിച്ച് ചെലവഴിക്കുവാനും ഉദ്യോഗസ്ഥരും ഭരണസമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-5 മരുന്ന് വാങ്ങൽ പദ്ധതി -മരുന്നുകൾ ലഭ്യമായിട്ടില്ല

1)മെഡിക്കലോഫീസർ സി.എച്ച്.സി, നെടുമ്പന നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്റ്റ് നം.36/16 (നെടുമ്പന സി.എച്ച്.സി-യ്ക്ക് മരുന്ന് വാങ്ങൽ) പ്രകാരം നെടുമ്പന സി.എച്ച്.സി.-യിലേയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി 7,00,000/- രൂപ ബിൽ നം.1/16-17/28/12/16 പ്രകാരം പിൻവലിച്ച് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ 336313/- രൂപയുടെ മരുന്നുകൾ നാളിതുവരെയും ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 336313/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

2)മെഡിക്കലോഫീസർ സി.എച്ച്.സി, മയ്യനാട് നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്റ്റ് നം.25/17 (മയ്യനാട് സി.എച്ച്.സി.-യ്ക്ക് മരുന്ന് വാങ്ങൽ) പ്രകാരം മയ്യനാട് സി.എച്ച്.സി.-യിലേയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി ബിൽ നം.3/16-17/ dt 16/12/16 പ്രകാരം 650000 രൂപയും ബിൽ നം1/16-7(vol2) dt 20-3-17 പ്രകാരം350000/-രൂപയും പിൻവലിച്ച് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ 557687/- രൂപയുടെ മരുന്നുകൾ നാളിതുവരെയും ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 557687/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 സമയപരിധിക്കുള്ളിൽ പണി പൂർത്തീകരിക്കാത്ത പ്രവൃത്തികളിൽ പിഴ ഈടാക്കിയിട്ടില്ല

തൻവർഷം പൂർത്തിയാക്കിയ മരാമത്ത് പ്രവൃത്തികളിൽ പലതും 2014-15ലും 2015-16ലും കരാർ വച്ചതും സൈറ്റ് കൈമാറിയിട്ടുള്ളതുമാണ്. ജി.ഒ.(പി)13/12/pwd, dt1-2-12 പ്രകാരമുള്ള പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ, അതായത് നിർമ്മാണ ഘട്ടത്തിലെ നിർമ്മാണ പ്രശ്നങ്ങൾ മൂലം നിർമ്മാണപ്രവർത്തികൾ പൂർത്തീകരിക്കേണ്ട കാലാവധി ദീർഘിപ്പിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുൻപ് തന്നെ അപേക്ഷിക്കേണ്ടതും ഒറിജിനൽ സമയത്തിന്റെ 25% ദീർഘീകരണം (ഫൈൻ ഇല്ലാതെ) നല്കാവുന്നതുമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി മാത്രമേ ദീർഘിപ്പിക്കാൻ പാടുള്ളു. പൂർത്തീകരണ കാലാവധിക്കകം തന്നെ ദീർഘീകരണ അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന സമർപ്പിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്.

മേൽ സൂചിപ്പിച്ച നിയമങ്ങൾ ഒന്നും പാലിക്കാതെയാണ് ഇവിടെ കാലാവധി ദീർഘിപ്പിച്ച് നല്കിയിട്ടുള്ളത്

കൈതപ്പുഴ-കുറ്റിക്കാട്ടിൽ ചിറ ഓട നിർമ്മാണം, കൈതപ്പുഴ – ആനന്ദഭവൻ ചിറ ഓട നിർമ്മാണം എന്നീ രണ്ട് പ്രവൃത്തികളിലും 3-7-15-ൽ തന്നെ സൈറ്റ് കൈമാറിയതും 2-12-15 ൽ പണി പൂർത്തീകരിക്കേണ്ടതുമാണ്. എന്നാൽ ഇവർ പണി ആരംഭിക്കാത്തതുമൂലം 11-3-16 ലും 24-10-16 ലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നോട്ടീസ് നല്കുകയും ചെയ്തു. എന്നാൽ ഈ കത്തുകൾക്ക് ഒന്നും ഇവർ മറുപടി നല്കിയിട്ടില്ല. പിന്നീട് 2/17 ലാണ് ഇവർ സൈറ്റിലെ പ്രശ്നങ്ങൾ കാരണം പണി യഥാസമയം പൂർത്തീകരിക്കാൻ കഴിഞ്ഞില്ല എന്നും സമയം ദീർഘിപ്പിച്ച് തരണമെന്നും ആവശ്യപ്പെട്ട് അപേക്ഷ നല്കിയിരിക്കുന്നത്. സൈറ്റ് കൈമാറി ഒന്നര വർഷത്തിനുശേഷം നല്കിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇവരുടെ അപേക്ഷയിൽ പറഞ്ഞ കാരണത്താൽ പിഴ കൂടാതെ സമയം ദീർഘിപ്പിക്കാൻ ബ്ലോക്ക്പഞ്ചായത്ത് കമ്മറ്റിക്ക് ശുപാർശ നല്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ 25-2-17ന് ചേർന്ന പഞ്ചായത്ത് കമ്മറ്റി 15-2-17 വരെ പിഴ ഇല്ലാതെ കാലവധി നീട്ടി നല്കാൻ തീരുമാനിച്ചു . കരാർ വച്ച് ഒന്നര വർഷം വരെയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ, കോൺട്രാക്ടറോ സൈറ്റിലെ പ്രശ്നങ്ങളെക്കുറിച്ച് യാതൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. ആയതിനാൽ പിഴകൂടാതെ സമയം ദീർഘിപ്പിച്ച് നല്കിയ നടപടി നിയമവിരുദ്ധമാണ്.

ഇപ്രകാരം ഫൈൻ ഈടാക്കാതെ സമയം ദീർഘിപ്പിച്ച് നല്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>കൈതപ്പുഴ-കുറ്റിക്കാട്ടിൽ ചിറ ഓടനിർമ്മാണം</u>

പ്രോജക്ട് നം - 23/16

എഗ്രിമെന്റ് നം -24/aee/15-16 dt4-9-15

കോൺട്രാക്ടർ – മുരളീധരൻ. റ്റി

എം. ബുക്ക് – 21/16-17

ബിൽ നം-തീയതി- 6/16-17 dt 27-2-17

എഗ്രീഡ് പി.എ.സി- 497966/

സൈറ്റ് കൈമാറിയ തീയതി- 4-9-15

പണി പൂർത്തീകരിക്കേണ്ട തീയതി-3-12-15

പണി പൂർത്തീകരിച്ച തീയതി -3-2-17

ഈടാക്കിയ പിഴ - ഇല്ല

ഈടാക്കേണ്ട പിഴ - 41495/-

2) കൈതപ്പുഴ ചിറ- ആനന്ദഭവൻ -ഓട നിർമ്മാണം

പ്രോജക്ട് നം. - 76/16

എഗ്രിമെന്റ് നം. -23/aee/15-16 dt3-9-15

കോൺട്രാക്റ്റർ -എസ്. പ്രദീപ്

എം. ബുക്ക് -22/16-17

ബിൽ നം-തീയതി- 8/16-17 dt 31-3-17

എഗ്രീഡ് പി.എ.സി- 497916/

സൈറ്റ് കൈമാറിയ തീയതി- 3-9-15

പണി പൂർത്തീകരിക്കേണ്ട തീയതി-2-12-15

പണി പൂർത്തീകരിച്ച തീയതി -28-2-17

ഈടാക്കിയ പിഴ - ഇല്ല

ഈടാക്കേണ്ട പിഴ - 44811/-രൂപ

മേൽ രണ്ട് പ്രവൃത്തികളിലുമായി 86306/-രൂപ പിഴയിനത്തിൽ കോൺട്രാക്റ്റർമാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിപ്പിക്കുന്നതിനു പകരം അനിശ്ചിതമായി പ്രവൃത്തികൾ നീട്ടിക്കൊണ്ടുപോകുന്നതിന് സഹായകരമായ നിലപാടുകൾ ബ്ലോക്ക്പഞ്ചായത്ത് കമ്മറ്റിയുടെ ഭാഗത്തുനിന്നും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത് അഭിലഷണീയമായ പ്രവണതയല്ല. അതുപോലെതന്നെ മരാമത്ത് പ്രവൃത്തികളിൽ കരാറിൽ ഏർപ്പെടേണ്ടത് 2012ൽ പരിഷ്കരിച്ച പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരം ആകേണ്ടതാണ്.
എന്നാൽ പരിഷ്കരണ പൂർവ മാന്വലിലെ വ്യവസ്ഥകൾ പ്രകാരമാണ് തൻവർഷവും കരാറിലേർപ്പെട്ടിട്ടുള്ളത്.

### 3-7 ഭൂമി വാങ്ങൽ -നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല,തുക തടസ്സപ്പെടുത്തുന്നു പ്രോജക്ട്-ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങൽ

പ്രോജക്ട് നം-52/17

അടങ്കൽ

വികസനഫണ്ട് (എസ്.സി.പി)-3750000

ആകെ-3750000/-

ചെലവ്-3750000/-

ബിൽ നം-4/16-17;28.1.17

8/16-17;23.2.17

9/16-17;23.2.17

14/16-17;17.3.17

19/16-17;30.3.17

നിർവഹണം-പട്ടിക ജാതി വികസന ഓഫീസർ

12-ാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ (GO(MS).4/2016 ത.സ്വ.ഭ.വ 11.01.2016) പ്രകാരം ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾക്ക് സംയുക്തമായി മാത്രം നടപ്പിലാക്കാവുന്ന ഈ പദ്ധതി ബ്ലോക്ക്പഞ്ചായത്ത് ഏറ്റെടുത്തു നടത്തിയത് സബ്സിഡി മാർഗ്ഗരേഖകളുടെ ലംഘനമാണ്. വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന ഇത്തരം പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ മാത്രമേ നടത്താവൂ എന്ന സർക്കാർ നിർദ്ദേശമുണ്ട്. ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങി നൽകൽ പദ്ധതി പ്രകാരം 10 ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി ഭൂമി വാങ്ങി നൽകൽ പദ്ധതിക്കായി ചെലവഴിച്ച 3750000/-രൂപ തടസ്സപ്പെടുത്തുന്നു.

**3-8** പഠനമുറി നിർമ്മാണം-പൂർത്തീകരണ രേഖകൾ ഹാജരാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട്-പത്താംക്ലാസ്സ് പ്ലസ്സ് വൺ,പ്ലസ്സ് ടു വിദ്യാർത്ഥികൾക്ക് പഠനമുറി

പ്രോജക്ട് നം-72/17

അടങ്കൽ

വികസന ഫണ്ട്(എസ്.സി.പി)-3300000/-

ആകെ-3300000/-

ചെലവ്-3300000/-

ബിൽ നം-6/16-17;28.01.17

13/16-17;13.03.17

15/16-17;13.03.17

17/16-17;30.03.17

19/16-17;30.03.17

21/16-17;31.03.17

നിർവഹണം-പട്ടികജാതി വികസന ഓഫീസർ

800 ചതുരശ്ര അടിയിൽ കുറവ് വിസ്തീർണ്ണമുള്ള വീടിനോട് ചേർന്ന് 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പഠനമുറി ഒരു ലക്ഷം രൂപ ചെലവിൽ നിർമ്മിക്കാനാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്.പദ്ധതി നിർവഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.

2)സ്റ്റേജ് സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ മൂന്ന് തവണകളായി തുക നൽകാനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടതെങ്കിലും നിർമ്മാണ ഘട്ടങ്ങളുടെ പുരോഗതി വിലയിരുത്തുന്ന സ്റ്റേജ് സർട്ടിഫിക്കറ്റുകൾ ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.

3)പഠനമുറി നിർമ്മാണം പൂർത്തിയാക്കി എന്നു വ്യക്തമാക്കുന്ന ഫോട്ടോകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

4)പന്ത്രണ്ടാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ ജി.ഒ.എം.എസ്.4/16.ത.സ്വ.ഭ.വ, 11.1.16 പ്രകാം ഗ്രമ/ബ്ലോക്ക് പഞ്ചായത്തുകൾ സംയുക്തമായി നടത്തേണ്ടുന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തതിന് വിശദീകരണം നൽകിയിട്ടില്ല.

ഈ സാഹചര്യത്തിൽ 33 വിദ്യാർത്ഥികൾക്കായി ചെലവഴിച്ച 3300000/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (നം.3/03.11.17) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-9 മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി

2016-17 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട്/പ്രോജക്ട് നം | അടങ്കൽ | ചെലവ്/ബിൽ നം |
|---|---|---|---|
| 1 | വേലംപറമ്പ് കുടിവെള്ള പദ്ധതി 61/17 | 1411000/- വികസന ഫണ്ട് (എസ്.സി.പി) | 1411000/-2/16-17; 28.12.16 |
| 2 | പൈപ്പ് ലൈൻ നീട്ടൽ (ജനറൽ) സ്പിൽ ഓവർ | 402346 വികസന ഫണ്ട് (ജനറൽ) | 401000/- 7/16-17; 31.12.16 |

| | | | |
|---|---|---|---|
| | 76/17 | | |
| 3 | പൈപ്പ് ലൈൻ നീട്ടൽ (എസ്.സി.പി)സ്പിൽ ഓവർ 77/17 | 269098 വികസന ഫണ്ട് എസ്.സി.പി | 268431/- 8/16-17; 31.12.16 |
| 4 | ശാഖാ ജംഗ്ഷൻ കുടിവെള്ള പദ്ധതി 83/17 | 800340 വികസന ഫണ്ട് (എസ്.സി.പി) | 800000/- 13/16-17; 24.2.17 |
| | | ആകെ | 2880431/- |

പദ്ധതി നിർവഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)11.2.16ലെ ജി.ഒ(എം.എസ് )4/16ത.സ്വ.ഭ.വ മാർഗ്ഗ രേഖ പ്രകാരം കുടിവെള്ള പദ്ധതികളിൽ സ്ട്രീറ്റ് ടാപ്പുകളും ഗാർഹിക കണക്ഷനുകളും സ്ഥാപിച്ചു നൽകുന്ന പദ്ധതികൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുവാൻ പാടില്ല. എന്നാൽ മേൽ പദ്ധതികൾക്കു വേണ്ടി വാട്ടർ അതോറിറ്റി തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റുകളിൽ സ്ട്രീറ്റ് ടാപ്പുകൾ സ്ഥാപിക്കുന്നതിനുള്ള തുകയും ഉൾപ്പെട്ടു കാണുന്നു.

2)എസ്റ്റിമേറ്റ് തുകയുടെ 12%സെന്റേജ് ചാർജ്ജായി വാട്ടർ അതോറിറ്റിക്കു നൽകിയിട്ടുണ്ട്. അനുവദനീയമായ 8% മറികടന്നാണ് ഇപ്രകാരം അധികത്തുക അടവാക്കിയത്.

4) 30.7.14ലെ സർക്കാർ ഉത്തരവ് നം.ജി.ഒ (പി) 311/14 ഫിൻ പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികളിൽ ഗഡുക്കളായി തുക നൽകണമെന്ന നിർദ്ദേശം പാലിക്കാതെ പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപു തന്നെ മുഴുവൻ തുകയും കൈമാറി.

5)പ്രവൃത്തികളുടെ പൂർത്തീകരണസാക്ഷ്യപത്രവും ഒടുക്കു വരുത്തിയ തുകയുടെ വിനിയോഗസാക്ഷ്യപത്രവും വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (നം8/7.11.17)മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത 2880431/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദീകരണവും രേഖകളും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-10 ഐ.എ.വൈ, പി.എം.എ.വൈ പദ്ധതികൾ -അവലോകനം

ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗ്രാമപഞ്ചായത്ത് | പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | പണി ആരംഭിച്ച വർഷം |
|---|---|---|---|---|
| 1 | കൊറ്റങ്കര | ഐ.എ.വൈ | 68 | 2007-08 |

| | | | | |
|---|---|---|---|---|
| 2 | കൊറ്റങ്കര | പി.എം.എ.വൈ | 12 | 2016-17 |
| 3 | നെടുമ്പന | ഐ.എ.വൈ | 83 | 2008-09 |
| 4 | നെടുമ്പന | പി.എം.എ.വൈ | 25 | 2016-17 |
| 5 | തൃക്കോവിൽവട്ടം | ഐ.എ.വൈ | 45 | 2007-08 |
| 6 | തൃക്കോവിൽവട്ടം | പി.എം.എ.വൈ | 9 | 2016-17 |
| 7 | ഇളമ്പള്ളൂർ | ഐ.എ.വൈ | 54 | 2007-08 |
| 8 | ഇളമ്പള്ളൂർ | പി.എം.എ.വൈ | 12 | 2016-17 |

ഭവനനിർമ്മാണത്തിനുള്ള ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ഈ ഗുണഭോക്താക്കൾ എല്ലാവരും ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-11 കറണ്ട് ചാർജ്ജിനത്തിൽ ഫൈൻ ഒടുക്കുന്നു

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ കറന്റ്/ടെലിഫോൺ ബിൽ തുക മാറൽ എന്ന പദ്ധതി പ്രകാരം (പ്രോജക്ട് നം-74/17) മയ്യനാട് സി.എച്ച്.സിയുടെ കറന്റ് ചാർജ്ജ് അടവാക്കിയതിൽ പിഴത്തുകയും ഉൾപ്പെട്ടു കാണുന്നു. 1145753002179, 15758002192 എന്നീ കൺസ്യൂമർ നമ്പരുകളുടെ 04.12.2015 മുതൽ 11.12.16 വരെയുള്ള ബില്ലുകളിലാണ് 3181/-രൂപ പിഴയായി ഒടുക്കിയിട്ടുള്ളത്. എച്ച്.എം.സി ഫണ്ടിൽ നിന്നും അടവാക്കുന്ന തുക ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി റീ ക്ലപ്പ് ചെയ്യുകയാണ് പതിവ്. ഫൈൻ ഉൾപ്പെടുന്ന തുകകൾ തന്നെയാണ് എച്ച്.എം.സി ഫണ്ട് ഉപയോഗിച്ചും അടച്ചിട്ടുള്ളത്. ഇപ്രകാരം അധികത്തുക അടവാക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 3-12 പാലിയേറ്റീവ് കെയർ-തുക കൈപ്പറ്റിയ ഗ്രാമ പഞ്ചായത്തുകൾ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ,1614448/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട്-പാലിയേറ്റീവ് കെയർ-ഗ്രാമ പഞ്ചായത്തുകൾക്ക് അധിക വിഹിതം

പ്രോജക്ട്നം-57/17

അടങ്കൽ-

വികസനഫണ്ട്(പൊതുവിഭാഗം)2567078/-

ആകെ-2567078

ചെലവ്-1614448/-

ബിൽ നം/തുക-6/16-17;17.11.16;350000/-

16/16-17;19.03.17;448910/-

17/16-17;19.03.17;300000/-

21/16-17;21.03.17;366836/-

26/16-17;31.03.17;148702/-

നിർവഹണം-ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായി നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം തൃക്കോവിൽവട്ടം, ഇളമ്പള്ളൂർ, കൊറ്റങ്കര, നെടുമ്പന ഗ്രാമ പഞ്ചായത്തുകൾ യഥാക്രമം 366836/-, 448910/-, 350000/-, 448702/-എന്നീ തുകകൾ കൈപ്പറ്റിയിട്ടുണ്ട്. പദ്ധതി നിർവഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) സംയുക്ത പദ്ധതിയിൽ പങ്കാളികളായ ഗ്രാമ പഞ്ചായത്തുകളുടെ അംഗീകൃത പ്രോജക്ടുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)തുക കൈപ്പറ്റിയ ഗ്രാമ പഞ്ചായത്തുകൾ ആയത് പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടെന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഈ സാഹചര്യത്തിൽ സബ്സിഡിയിനത്തിൽ വിതരണം ചെയ്ത 1614448/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം8/07.11.17)മറുപടി ലഭ്യമാക്കിയില്ല.

## 3-13 ഡേറ്റാ എൻട്രി ഓപ്പറേറ്റർ ശമ്പളം - 179975/-രൂപ നിരാകരിക്കുന്നു

ബ്ലോക്ക്പഞ്ചായത്തുകളിൽ സ്ഥിരം തസ്തികകളിൽ ഒന്നല്ലാത്ത ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ദിവസവേതനം അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശ്രീമതി. ബിന്ദു.ജി.നായർക്ക് 2016-17 സാമ്പത്തിക വർഷത്തിൽ 179975/- രൂപ നല്കി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം/തീയതി | ചെക്ക് നം./ തീയതി | തുക |
|---|---|---|
| സി.ബി.നം.1/01-04-2016 | 1638143/01-04-2016 | 9200 |
| സി.ബി.നം.12/30-04-2016 | 1638149/30-04-2016 | 16200 |
| സി.ബി.നം.17/28-05-2016 | 1638154/28-05-2016 | 16200 |
| സി.ബി.നം.35/30-06-2016 | 1638174/30-06-2016 | 16875 |
| സി.ബി.നം.51/30-07-2016 | 1638190/30-07-2016 | 16200 |
| സി.ബി.നം.59/31-08-2016 | 1638194/31-08-2016 | 15525 |
| സി.ബി.നം.66/30-09-2016 | 7353102/30-09-2016 | 12150 |
| സി.ബി.നം.73/31-10-2016 | 7353106/31-10-2016 | 14850 |
| സി.ബി.നം.78/30-11-2016 | 7353111/30-11-2016 | 16200 |
| സി.ബി.നം.86/03-01-2017 | 2910102/03-01-2017 | 16200 |

| | | |
|---|---|---|
| സി.ബി.നം.98/01-02-2017 | 2910115/01-02-2017 | 15525 |
| സി.ബി.നം.103/01-03-2017 | 2910123/01-03-2017 | 14850 |
| | ആകെ | 179975/- |

ഡേറ്റാ എൻട്രി ഓപ്പറേറ്റർ നിയമനം സംബന്ധിച്ച രേഖകൾ (സർക്കാർ ഉത്തരവുകൾ, പഞ്ചായത്ത് കമ്മിറ്റി തീരുമാനം), ശ്രീമതി.ബിന്ദു.ജി.നായർ ജോലി ചെയ്ത കാലയളവ് തുടങ്ങിയ വിശദാംശങ്ങൾ എൻക്വയറി നം.10/16-17/07-11-2017 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നിയമനം സംബന്ധിച്ച രേഖകൾ ഇല്ലാത്തതിനാൽ 179975/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക നഷ്ടോത്തരവാദിയായ സെക്രട്ടറിയിൽനിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-14 രേഖകൾ ഹാജരാക്കിയില്ല - 10791/-രൂപ തടസപ്പെടുത്തുന്നു

2016-17 സാമ്പത്തിക വർഷത്തിൽ തനതു ഫണ്ടിൽ നിന്നും വൗച്ചർ മുഖാന്തിരം ചെലവഴിച്ച താഴെ പറയുന്ന ചെലവുകളുടെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | ചെക്ക് നമ്പർ/ തീയതി | തുക | റിമാർക്സ് |
|---|---|---|---|
| സി.ബി/ഒ.എഫ്/7/16-17/23.6.17 2015 കേരളോത്സവം ബാക്കി ചെലവ് തുക | 001152/23.6.17 | 3217 | വൗച്ചർ ഹാജരാക്കിയില്ല |
| സി.ബി/ഒ.എഫ്/8/16-17/28.6.17 എം.ജി.എൻ.ആർ.ഇ.ജി.എസ് എ.എം.സി ട്രെയിനിംഗ് ചെലവ് | 001153/28.6.17 | 3000 | വൗച്ചർ ഹാജരാക്കിയില്ല |
| സി.ബി/ഒ.എഫ്/10/16-17 /28.6.17 ഫോട്ടോസ്റ്റാറ്റ് മെഷീൻ ടോണർ ഫിൽ ചെയ്തയിനത്തിൽ SRS അസോസിയേറ്റ്സിനു നൽകിയ തുക | 001155/28.6.17 | 2000 | കൈപ്പറ്റ് രേഖ ഹാജരാക്കിയില്ല |

| | | | |
|---|---|---|---|
| സി.ബി/ഒ.എഫ്/17/16-17 /26.08.17ബ്ലോക്ക് പഞ്ചായത്ത് വാഹനത്തിന്റെ പാർട്സ് വാങ്ങിയ ഇനത്തിൽ TVS ന നൽകിയ തുക | 727119/26.08.17 | 2574 | കൈപ്പറ്റ് രേഖ ഹാജരാക്കിയില്ല |
| | ആകെ | 10791 | |

ഇത് സംബന്ധിച്ച വിശദീകരണം രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും (എൻക്വയറി നം.4/16-17/04.11.17) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ 10791/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം-4

### പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മയ്യനാട് ഗ്രാമപഞ്ചായത്ത് | 2016-17 | 250000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | | |
| തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് | 2016-17 | 240900 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | | |
| ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് | 2016-17 | 170100 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | | |
| നെടുമ്പന ഗ്രാമപഞ്ചായത്ത് | 2016-17 | 250000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | | |
| കൊറ്റങ്കര ഗ്രാമപഞ്ചായത്ത് | 2016-17 | 100000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി, കൊല്ലം | വേലംപറമ്പ് കുടിവെള്ള പദ്ധതി | ഡിഡി നം.990371 എസ്.ബി.റ്റി, സിവിൽസ്റ്റേഷൻ, കൊല്ലം തീയതി 30-11-2016 | 1411000 | 0 | 1411000 |
| കേരള വാട്ടർ അതോറിറ്റി, കൊട്ടരക്കര | ശാഖാ ജംഗ്ഷൻ കുടിവെള്ള പദ്ധതി | എക്സ്.എഞ്ചിനീയറുടെ അക്കണ്ട് നം. 67215825353 എസ്.ബി.റ്റി, കൊട്ടാരക്കരയിൽ ബിൽ പ്രകാരം 31.03.2017 ൽ ക്രെഡിറ്റ് ചെയ്തു | 800000 | 0 | 800000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ. സംസ്ഥാന വിഹിതം | ജി.ഒ.എം.എസ് 90/13/എൽ.എസ്.ജി.ഡി/14.3.13 | 5401000 | 5401000 | - | 1064390 | 5401000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2012-13 & 2013-14 | 3-2 | 21015 | ഡോ.ഡാലി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.നെടുമ്പന | ഡിഡി നം. 702783/ 11-04-2013 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 24 | 2001-02 | 2-12 | കൊയ്ത്തു മെതിയന്ത്രം വാങ്ങിച്ചത് പാഴ്ചെലവ് | അന്തിമമായി തീർപ്പാക്കിയിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 91786648 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 90774935 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 266281 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 15976470 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 3-6 | | 86306 | ശ്രീ.തുളസീധരൻ.എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-13 | | 179975 | 41600/- രൂപ- ശ്രീ.കൃഷ്ണൻകുട്ടിനായർ.ബി, സെക്രട്ടറി |
| | | | 33075/-രൂപ- ശ്രീ.എം.എസ്.അനിൽകുമാർ, സെക്രട്ടറി |
| | | | 105300/-രൂപ- ശ്രീ.എൻ.തങ്കപ്പൻആചാരി, സെക്രട്ടറി |
| ആകെ | | 266281 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3100000 | ശ്രീമതി.നിമ്മി അമീർ, ക്ഷീര വികസന ഓഫീസർ |
| 3-2 | 76800 | ശ്രീ.എൻ.തങ്കപ്പൻആചാരി, സെക്രട്ടറി |
| 3-3 | 350000 | ശ്രീമതി.ഷീജാ ബീവി.എ.എസ്, പട്ടികജാതി വികസന ഓഫീസർ |
| 3-5 | 336313 | ഡോ.മെറീനാ പോൾ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, നെടുമ്പന |
| | 557687 | ഡോ.സലിലാ ദേവി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മയ്യനാട് |
| 3-7 | 3750000 | ശ്രീമതി.ഷീജാ ബീവി.എ.എസ്, പട്ടികജാതി വികസന ഓഫീസർ |

| | | |
|---|---|---|
| 3-8 | 3300000 | ശ്രീമതി.ഷീജാ ബീവി.എ.എസ്, പട്ടികജാതി വികസന ഓഫീസർ |
| 3-9 | 2880431 | ശ്രീ.എൻ.തങ്കപ്പൻആചാരി, സെക്രട്ടറി |
| 3-12 | 1614448 | ശ്രീ.എൻ.തങ്കപ്പൻആചാരി, സെക്രട്ടറി |
| 3-14 | 10791 | 8217/-രൂപ ശ്രീ.എം.എസ്.അനിൽകുമാർ,സെക്രട്ടറി |
| | | 2574/- രൂപ ശ്രീ.എൻ.തങ്കപ്പൻആചാരി, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എം.എസ്.അനിൽകുമാർ, സെക്രട്ടറി | സെക്രട്ടറി/ബി.ഡി.ഒ ബ്ലോക്ക് പഞ്ചായത്ത്, കൊട്ടാരക്കര | നിത്യ ചൈതന്യ ഭവൻ, തെക്കേമുറി, ഈസ്റ്റ് കല്ലട-691502 |
| ശ്രീ.എൻ.തങ്കപ്പൻആചാരി, സെക്രട്ടറി | 30/04/2017 ൽ വിരമിച്ചു | ആതിര, പെരുമ്പുഴ പി.ഒ, കേരളപുരം |
| ശ്രീ.കൃഷ്ണൻകുട്ടിനായർ.ബി, സെക്രട്ടറി | സെക്രട്ടറി/ബി.ഡി.ഒ ബ്ലോക്ക് പഞ്ചായത്ത്, നേമം | അനുപം, മൂഴിയിൽ,വെട്ടിയം,പേയാട്, തിരുവനന്തപുരം-695573 |
| ശ്രീ.തുളസീധരൻ.എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി.സബ് ഡിവിഷൻ, മുഖത്തല | അശ്വമാളിക, പി.വി.ആർ.എ.2, ടി.ബി.ജംഗ്ഷൻ, ആറ്റിങ്ങൽ, തിരുവനന്തപുരം-695101 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| | | |
| 1995-96 | എൽ.എഫ്.ക്യൂ.ഡി.ബി.502/9/31.07.09 /14.12.19992 | |
| 1996-97 | | |
| 1997-98 | | |
| 1998-99 | എൽ.എഫ്.ക്യൂ.ഡി.ബി. 1392/00 24.05.01 | 8 |
| 1999-00 | എൽ.എഫ്.ക്യൂ.ഡി.ബി.1343/00/15-02-01 | 3 |
| 2000-01<br>2005-06 | എൽ.എഫ്.ക്യൂ.ഡി.ബി.1364/06/20-04-07 | 23 |
| 2006-07 | എൽ.എഫ്.ക്യൂ.ഡി.ബി.783/09/24-03-10 /12-04-10 | 13 |
| 2007-08 | എൽ.എഫ്.ക്യൂ.ഡി.ബി.783/09/24-03-10 /12-04-10 | 9 |
| 2008-09 | എൽ.എഫ്.ക്യൂ.ഡി.ബി.340/11/12-08-11/13-10-11 | 13 |
| 2009-10 | എൽ.എഫ്.ക്യൂ.ഡി.ബി.1951/11/7-05-12 | 3 |
| 2010-11 | എൽ.എഫ്.ക്യൂ.ഡി.ബി.1951/11/7-05-12 | 8 |
| 2011-12 | എൽ.എഫ്.ക്യൂ.ഡി.ബി.861/13/19-09-13/30-11-13 | 14 |
| 2012-13<br>2013-14 | എൽ.എഫ്.ക്യൂ.ഡി.ബി.2395/14/4-03-15/6-03-15 | 21 |
| 2014-15 | കെ എസ് എ കെ എൽ എം ഡി ബി1625/16 ,/02-02-2017 | 14 |
| 2015-16 | കെ എസ് എ കെ എൽ എം ഡി ബി1456/2017 /13-03-2017 | 15 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

**4-10** അനുബന്ധം

കെ.എസ്.എ. കെ.എൽ.എം -പി.7/1952/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി -13/11/2017

സാക്ഷ്യപത്രം 2016-17

1994-ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മുഖത്തല ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുഖത്തല ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും ജൂൺ 12 ലെ ജി.ഒ.(പി). 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം